**File No.DWCD/1057/2022-WEC4**

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1057/2022-WEC4

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 03/06/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- മഹിള ശക്തി കേന്ദ്ര പദ്ധതി തുടരുന്നത് -സംബന്ധിച്ച്:-

സൂചന:-

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം , സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി State Resource Centre for Women(SRCW) സംസ്ഥാനതലത്തിലും, District Level Centre for Women ( DLCW) ജില്ല തലത്തിലും രൂപീകരിച്ചിട്ടുണ്ട്.

ടി പദ്ധതി 2022-23 വർഷം തുടരുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ്, ഫണ്ട് എന്നിവ ലഭിച്ചിട്ടില്ല. എന്നിരുന്നാലും ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ, മേയ് വരെയുള്ള മാസങ്ങളിലെ ശമ്പളം നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി തുടരുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് തുടർ നിർദേശം നൽകുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
വനിതാ ശിശു വികസന ഡയറക്ടർ